**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3511** **26-06-2024 - ൽ മറുപടിയ്ക്ക്**

**തിരൂർ ഹജ്ജൂർ കച്ചേരിയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിലെ തിരൂർ ഹജ്ജൂർ കച്ചേരിയുടെ രണ്ടാം ഘട്ട നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി മന്ദിരത്തിന്റ സമഗ്ര സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കിയ ശേഷം, കെട്ടിടത്തിൽ "മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം" സജ്ജീകരിച്ചിട്ടുള്ളതാണ്. സംരക്ഷിത പ്രദേശത്തിന്റെ അതിർത്തിമതിൽ നിർമ്മാണം, പരിസര വികസനപ്രവൃത്തികൾ എന്നീ പ്രവൃത്തിക്കൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |
| (ബി) | ഒന്നാം ഘട്ടം നവീകരണത്തിനു ശേഷം സന്ദർശകരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | മ്യൂസിയത്തിൽ സന്ദർശകരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മറ്റും സഹകരണത്തോടെ മ്യൂസിയം ദിനാചരണം അടക്കം പൈതൃക പ്രാധാന്യമുള്ള ഔട്ട്റീച്ച് പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ